**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4723** **02-07-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ ജലജീവൻ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എത്ര കിലോമീറ്റർ നീളത്തിലാണ് ഗ്രാമീണ റോഡുകൾ പൊളിക്കേണ്ടിവന്നിട്ടുള്ളതെന്ന് പഞ്ചായത്തുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | **എടക്കര പഞ്ചായത്ത് -** പൈപ്പ് ലൈൻ പ്രവൃത്തിക്കായി **20** കിലോമീറ്ററോളം ടാർ എഡ്ജും ബേമുമാണ് പൊളിക്കേണ്ടി വന്നിട്ടുള്ളത്.<br><br>**വഴിക്കടവ് പഞ്ചായത്ത് - 30**കിലോമീറ്ററോളം ടാർ എഡ്ജും ബേമുമാണ് പൊളിക്കേണ്ടി വന്നിട്ടുള്ളത്.<br><br>**പോത്ത്കല്ല് പഞ്ചായത്ത്** – **20** കിലോമീറ്ററോളം ടാർ എഡ്ജും ബേമുമാണ് പൊളിക്കേണ്ടി വന്നിട്ടുള്ളത്. KRWSA മുഖേന നടപ്പിലാക്കിയ JJM പദ്ധതിക്കായി 4.3 കി.മീ. റോഡ് പൊളിക്കേണ്ടി വന്നു.<br><br>**ചുങ്കത്തറ പഞ്ചായത്ത് - 15**കിലോമീറ്ററോളം ടാർ എഡ്ജും ബേമുമാണ് പൊളിക്കേണ്ടി വന്നിട്ടുള്ളത്.<br><br>**കരുളായി പഞ്ചായത്ത് - 105** കിലോമീറ്ററോളം കുഴിയെടുത്ത് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.<br><br>**അമരമ്പലം പഞ്ചായത്ത്- 100** കിലോമീറ്ററോളം കുഴിയെടുത്ത് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.<br><br>**മൂത്തേടം പഞ്ചായത്ത് - 85** കിലോമീറ്ററോളം കുഴിയെടുത്ത് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി പൊളിച്ച ഗ്രാമീണ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് എത്ര രൂപ വീതമാണ് കേരള വാട്ടർ അതോറിറ്റി ചെലവഴിക്കുന്നതെന്ന് പഞ്ചായത്തുകളും പ്രവൃത്തിയുടെ പേരും തിരിച്ച് വിശദമാക്കാമോ; | (ബി) | പൊളിച്ച ഗ്രാമീണ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് -<br><br>**എടക്കര പഞ്ചായത്ത് -പാക്കേജ്** 1 **എ-** എന്ന പ്രവൃത്തിയിൽ **3.07** കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**പോത്ത്കല്ല് പഞ്ചായത്ത് പാക്കേജ്** 1 **ബി -** എന്ന പ്രവൃത്തിയിൽ **2.65** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. KRWSA പൊളിച്ച റോഡുകൾക്ക് 15,593/- രൂപ ചെലവഴിച്ചു.<br><br>**ചുങ്കത്തറ പഞ്ചായത്ത് പാക്കേജ്** 1 സി **-** എന്ന പ്രവൃത്തിയിൽ **1.16** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>വഴിക്കടവ് പഞ്ചായത്ത്</u> - പാക്കേജ് 1 ഡി -** എന്ന പ്രവൃത്തിയിൽ **2.32** കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>കരുളായി പഞ്ചായത്ത്</u> - പാക്കേജ് VII** - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 3.49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>അമരമ്പലം പഞ്ചായത്ത് - പാക്കേജ് IX</u>** - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 4.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>മൂത്തേടം പഞ്ചായത്ത് - പാക്കേജ് X</u>** - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 3.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ട ചുമതല കേരള വാട്ടർ അതോറിറ്റിക്കാണോയെന്നും ഇതിനായി പ്രത്യേകം കരാറുകൾ നൽകുന്നുണ്ടോയെന്നും അറിയിക്കാമോ; പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഒപ്പമാണ് റെസ്റ്റോറേഷൻ നടത്തേണ്ടതെങ്കിൽ അക്കാര്യവും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത ഗ്രാമീണ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ട ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ്. ഇതിൽ ആദ്യ ഘട്ടത്തിൽ ഉള്ള പ്രവൃത്തികളിൽ റെസ്റ്റോറേഷൻ ഉൾപ്പെടാത്തവ റീ-അപ്രോപ്രിയേഷൻ ഭരണാനുമതി വാങ്ങിച്ച പ്രത്യേകം പ്രവൃത്തികളായി ടെണ്ടർ ചെയ്യുന്നുമുണ്ട്. അല്ലാത്തവ നേരത്തെ മുതൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഒപ്പമാണ് റെസ്റ്റോറേഷൻ നടത്തുന്നത്. KRWSA നടപ്പിലാക്കുന്ന പ്രവൃത്തികളിൽ റെസ്റ്റോറേഷൻ കരാറുകാർ മുഖേനയാണ് ചെയ്യുന്നത്. |
| (ഡി) | പ്രസ്തുത ഗ്രാമീണ റോഡുകൾ ഏതെല്ലാം പഞ്ചായത്തുകളിലാണ് പൂർവ്വസ്ഥിതിയിലാക്കിയിട്ടുള്ളതെന്നും ഇനിയും ഏതെല്ലാം പഞ്ചായത്തുകളിലാണ് പൂർത്തീകരിക്കാനുള്ളതെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ; | (ഡി) | **<u>എടക്കര പഞ്ചായത്ത്</u> : 20** കിലോ മീറ്റർ റെസ്റ്റോറേഷൻ ചെയ്യാനുള്ളതിൽ **08** കിലോ മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് മൺസൂണിന് ശേഷം മാർച്ച് **2025** നകം പൂർത്തീകരിക്കുന്നതാണ്.<br><br>**<u>പോത്ത്കല്ല് പഞ്ചായത്ത്</u> : 20** കിലോമീറ്റർ റെസ്റ്റോറേഷൻ ചെയ്യാനുള്ളതിൽ **02** കിലോ മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് മൺസൂണിന് ശേഷം മാർച്ച് **2025** നകം പൂർത്തീകരിക്കുന്നതാണ്. KRWSA നടപ്പിലാക്കിയ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>**<u>ചുങ്കത്തറ പഞ്ചായത്ത്:</u> 15**കിലോമീറ്റർ റെസ്റ്റോറേഷൻ ചെയ്യാനുള്ളതിൽ **04** കിലോ മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് മൺസൂണിന് ശേഷം മാർച്ച് **2025** നകം പൂർത്തീകരിക്കുന്നതാണ്.<br><br>**<u>വഴിക്കടവ് പഞ്ചായത്ത്</u>** – **30** കിലോമീറ്റർ റെസ്റ്റോറേഷൻ ചെയ്യാനുള്ളതിൽ **02** കിലോ മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് മൺസൂണിന് ശേഷം മാർച്ച് **2025** നകം പൂർത്തീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **കരുളായി പഞ്ചായത്ത്** - **25** കിലോമീറ്റർ നീളത്തിലുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 2024 ഡിസംബർ മാസത്തിനകം എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**അമരമ്പലം പഞ്ചായത്ത്** - **3** കിലോമീറ്റർ നീളത്തിലുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 2024 ഡിസംബർ മാസത്തിനകം എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**മൂത്തേടം പഞ്ചായത്ത്** - **12** കിലോമീറ്റർ നീളത്തിലുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 2024 ഡിസംബർ മാസത്തിനകം എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും ഏറ്റെടുത്തിട്ടുള്ള കരാറുകാരുടെ വിശദവിവരങ്ങൾ പ്രസ്തുത കരാറുകാരുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പരടക്കം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ? | (ഇ) | **എടക്കര പഞ്ചായത്ത്** - **പാക്കേജ് 1എ-** വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും - കോൺട്രാക്ടറുടെ പേര്: കെ.സുന്ദരൻ- ഫോൺ : **9745300283**<br><br>**വഴിക്കടവ് പഞ്ചായത്ത് പാക്കേജ് 1ഡി-** വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും കോൺട്രാക്ടറുടെ പേര്: കെ.സുന്ദരൻ- ഫോൺ : **9745300283**<br><br>**പോത്ത്കല്ല് പഞ്ചായത്ത് പാക്കേജ് 1ബി-** വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും<br><br>കോൺട്രാക്ടറുടെ പേര്: യുകെഎസ് കൺസ്ട്രക്ഷൻസ്- ഫോൺ : **9447443669** **(മോഹനകുമാരൻ).**<br><br>KRWSA, JJM കോൺട്രാക്റ്റർ: ശ്രീ.സാജു ജോസഫ് Ph:9645030070<br><br>**ചുങ്കത്തറ പഞ്ചായത്ത്** -**പാക്കേജ് 1സി-** വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും **കോൺട്രാക്ടറുടെ പേര്** : **എം.കെ ഹൻസാർ** - ഫോൺ : **9447354326** **(സുൽഫിക്കർ)**<br><br>**കരുളായി പഞ്ചായത്ത്** - **പാക്കേജ് VIII** - വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും - **കെ. സുന്ദരൻ,** ആതിര ഹൗസ്, ശാന്തിഗ്രാം, മഞ്ചേരി, ഫോൺ : 9447168283 |

| | | | |
|---|---|---|---|
| | | | **അമരമ്പലം പഞ്ചായത്ത് – പാക്കേജ് IX** - വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും - **ശ്രീ. ഡേവിഡ് മാങ്കൻ,** മാങ്കൻ ഹൗസ്, പള്ളിശ്ശേരി, ആറാട്ടുപുഴ പി ഒ, തൃശ്ശൂർ. ഫോൺ : 7012534058.<br><br>**മൂത്തേടം പഞ്ചായത്ത് - പാക്കേജ് X** - വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും **- ശ്രീ. ടി അബ്ദുസ്സമദ്,** മേൽമുറി, മലപ്പുറം. ഫോൺ: 9745850000 .<br><br>റീ-അപ്രോപ്രിയേഷൻ പ്രകാരം ഭരണാനുമതി ലഭിച്ച മണ്ഡലത്തിലെ ശേഷിക്കുന്ന റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ ടെണ്ടർ നടപടികളുടെ വിവിധ ഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ